# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3884 21.06.2018-ൽ മറുപടിക്ക്**

## ഇടക്കൊച്ചിയിലെ രൂക്ഷമായ വൈദ്യുതി പ്രശ്നം

| | ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ്: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പശ്ചിമ കൊച്ചിയിലെ ഇടക്കൊച്ചി പ്രദേശത്ത് അനുഭവപ്പെടുന്ന രൂക്ഷമായ വൈദ്യുതി പ്രശ്നം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഇടക്കൊച്ചിയിലെ ചില പ്രദേശങ്ങളിൽ വൈദ്യുതി തടസ്സങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | ഇടക്കൊച്ചി ഭാഗത്ത് മുപ്പത് ശതമാനം 11 കെ.വി വൈദ്യുതി വിതരണം ഇപ്പോഴും ഓവർ ഹെഡ് ലൈനുകളിൽ കൂടിയാണ് നടക്കുന്നത്. വൈദ്യുതി വിതരണത്തിലുള്ള തടസ്സങ്ങൾ കുറയ്ക്കുന്നതിനായി ചുവടെ പറയുന്ന പ്രവൃത്തികൾ 2018-21 കാലയളവിൽ നടപ്പിലാക്കേണ്ട വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. 11 കെ.വി വിതരണം പൂർണ്ണമായും കേബിളുകൾ വഴിയാക്കുക.<br>2. കഠാരിബാഗ് 110 കെ.വി സബ്സ്റ്റേഷനിൽ നിന്നും പുതിയ ഒരു 11 കെ.വി ലൈൻ പാമ്പായി മൂല വരെ വലിക്കുക.<br>3. അക്വിനസ് കോളേജ് പരിസരം, കമ്പനിപ്പറമ്പ്, കുട്ടികൃഷ്ണ വൈദ്യർ റോഡ്, ജ്ഞാനോദയം ക്ഷേത്ര പരിസരം, എന്നിവിടങ്ങളിലെ 11 കെ.വി ലൈനുകൾ പരസ്പരം ബന്ധിപ്പിച്ച് റിങ് മെയിൻ സിസ്റ്റം വഴിയാക്കുക.<br>4. ട്രാൻസ്ഫോർമറുകൾ ലോഡ് സെന്ററുകളിലേയ്ക്ക് മാറ്റി സ്ഥാപിക്കുക. |
| (സി) | ഇടക്കൊച്ചിയിൽ ഒരു സബ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ? | (സി) | ഇടക്കൊച്ചിയിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം സംബന്ധിച്ച് അപേക്ഷ ലഭിച്ചിട്ടില്ല. നിലവിലെ സാഹചര്യത്തിൽ ഇടക്കൊച്ചിയിൽ ഒരു സബ്സ്റ്റേഷന്റെ ആവശ്യകത സാങ്കേതിക പഠനങ്ങൾ ശുപാർശ ചെയ്യുന്നില്ല. |

Hemalatha

സെക്ഷൻ ഓഫീസർ